**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *315 22.08.2017-ൽ മറുപടിക്ക്**

## സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജോയി<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എം.നൗഷാദ്<br>ശ്രീമതി.യു.പ്രതിഭ ഹരി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരത്ത് ഗുണ്ടാ കുടിപ്പകയുടെ ഫലമായുണ്ടായ ഏറ്റുമുട്ടലിൽ രാജേഷ് എന്ന ആർ.എസ്.എസ്. കാരൻ കൊല്ലപ്പെട്ട കേസിൽ കുറ്റവാളികളെ യെല്ലാം അതിവേഗം അറസ്റ്റ് ചെയ്ത് മാതൃകാപരമായ നടപടി പോലീസ് സ്വീകരിച്ചെങ്കിലും മാധ്യമ പിന്തുണ യോടെയുള്ള നുണപ്രചരണത്തിലൂടെ സർക്കാരിനെ അപകീർത്തി പ്പെടുത്താൻ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ നടപടിയെടുക്കുമോ; | (എ) നടപടിയെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ നേരിട്ടും പോലീസ് ഇൻഫർമേഷൻ സെന്റർ മുഖേനയും ദേശീയ തലത്തിലുൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ കേരളത്തിൽ നടക്കുന്ന യഥാർത്ഥ സ്ഥിതിയെകുറിച്ചും വികസന സാദ്ധ്യത തടസ്സപ്പെടുത്തുന്ന തരത്തിൽ സംസ്ഥാനത്തെ അപകീർത്തിപ്പെടുത്താനുള്ള നടപടിക്കെതിരെ പ്രചാരം നൽകിയിട്ടുണ്ട്. അന്വേഷണ സംഘത്തിന് പാരിതോഷികവും, പ്രശംസാ പത്രവും നല്കാൻ തീരുമാനിച്ചതിനും മാധ്യമങ്ങളിലൂടെ വലിയ പ്രചാരം നല്കുകയുണ്ടായി. 2017 ജൂലൈ 27,28 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന അതിക്രമങ്ങൾ സത്വര നടപടികളിലൂടെ തടഞ്ഞ് സമാധാനം ഉറപ്പ് വരുത്തുന്നതിന് മാധ്യമങ്ങളി ലൂടെ പ്രചാരം നല്കിയിട്ടുണ്ട്. കൂടാതെ ഗുണ്ടാ സംഘങ്ങൾക്കെതിരെയുള്ള നടപടികൾ സംബന്ധിച്ചുള്ള അറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നല്കിവരുന്നുണ്ട്. |

| | |
|---|---|
| (ബി) ക്രമസമാധാനം ഉറപ്പുവരുത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര മന്ത്രിമാർ ഇത്തരം സംഭവങ്ങളിൽ ഇടപെട്ട് ക്രിമിനൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) ക്രമസമാധാനം ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര മന്ത്രിമാർ ഇടപെട്ട് ക്രിമിനൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ